ഉത്തരം

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കാരാബീച്ച് റോഡ്, കല്പ മംഗലം ബീച്ച് റോഡ്, ചാമക്കായ ബീച്ച് റോഡ് എന്നിവയുടെ പണികൾ പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്.

(സി) പരാമർശത്തിലുള്ള മൂന്ന് റോഡുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

9 (445) ചെമ്മീൻ കൃഷി പദ്ധതി

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഓടയം കുരയ്ക്കണ്ണി ഭാഗത്ത് കൊഞ്ചുവ ളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് എത്ര ഏക്കർ സ്ഥലം എന്തുവിലകൊടുത്ത് എന്നാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ?

(ബി) പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി പദ്ധതി ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികേന്ദ്രങ്ങളിലേക്ക് എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) വർക്കല നിയോജകമണ്ഡലത്തിൽ അനുവാദം ലഭിച്ചിട്ടുള്ള ഫിഷറീസ് മേഖലയിലെ എല്ലാ റോഡുകളുടെയും പണി ആരംഭിച്ച് പൂർത്തിയാക്കാൻ ആവശ്യമായ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വർക്കലയിൽ ഓടയം എന്ന സ്ഥലത്ത് കൊഞ്ചുവളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിനായി 2.33 ഹെക്ടർ സ്ഥലം 86, 79,325 രൂപ വില നൽകി 21.3.96, 14.1.97, 26.2.99 എന്നീ തീയതികളിലായി 'അഡാക്ക്' ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) കുവൈറ്റ് ഫണ്ടിന്റെ ധനസഹായത്തോടെയും വിദേശ ഏജൻസികളുടെ സാങ്കേതിക സഹായത്തോടെയുമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ കുവൈറ്റ് ഫണ്ടിന്റെ കാലാവധി 31.3.98-ൽ അവസാനിച്ചതിനാൽ തദ്ദേശ ഏജൻസികളുടെ സാങ്കേതിക സഹായത്തോടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും തുടർ നടപടികൾ "അഡാക്ക്" സ്വീകരിച്ചുവരികയുമാണ്.

(ഡി) ഫിഷറീസ് വകുപ്പ് മുഖേന നാലു റോഡുകളുടെ പണി പൂർത്തിയാക്കുകയും ഒരു റോഡിന്റെ പണി നടന്നുവരികയുമാണ്. പൂർത്തിയാക്കിക്കഴിഞ്ഞ റോഡുകൾക്കുവേണ്ടി 21,74,823 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനുവദിക്കപ്പെട്ടവയിൽ പണി ആരംഭിക്കാത്ത റോഡുകളുടെ പണി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുകയാണ്.

10 (446) മാനവീയം പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന 'മാനവീയം' പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരിപാടിക്കായി എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനോടകം മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിപാടികളും ചടങ്ങും നടത്തിയിട്ടുണ്ട്; ആകെ എന്തു തുക ചെലവാക്കി;

(ഇ) മാനവീയം സാംസ്ക്കാരിക മിഷന്റെ ഉദ്ഘാടന ചടങ്ങ് എന്നാണ് നടന്നത്; ഇതിനുവേണ്ടി എന്തു തുക ചെലവായിട്ടുണ്ട്; ഏത് ഇനങ്ങളിലായാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്)'മാനവീയം സാംസ്ക്കാരിക മിഷൻ' എന്നാണ് രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്; ഇതിന്റെ ചുമതലക്കാരും, അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത മാനവീയം സാസംക്കാരിക മിഷന്റെ സംസ്ഥാനതല കമ്മിറ്റി അംഗങ്ങൾക്കും ചുമതലക്കാർക്കും ഡി.എ.റ്റി. എ. എന്നിവയോ ഓണറേറിയമോ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓരോരുത്തർക്കും എത്ര തുക വീതം ഈ ഇനങ്ങളിലായി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എച്ച്) മാനവീയം പരിപാടിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതോടൊപ്പം കലാ-സാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കുവാനും നാടൻ കലകൾ, പ്രാദേശിക കലാരൂപങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുവാനും വിവിധ വകുപ്പുകൾ ഏറ്റെടുത്തു നടത്തുന്ന വികസന പരിപാടികൾക്ക് ഗതിവേഗം വർദ്ധിപ്പിക്കുവാനും ആവശ്യമായ ബോധവൽക്കരണ പ്രചരണ പരിപാടികളും നടപ്പാക്കാനുമാണ് ഉദ്ദേശം.

(ബി&സി) മാനവീയം പരിപാടികളുടെ നടത്തിപ്പിനായി സർക്കാർ ഒരു കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) 1.11.99-ന് തിരുവനന്തപുരത്ത് ടാഗോർ തീയേറ്ററിൽ മാനവീയത്തിന്റെ കേളികൊട്ട് നടന്നു. തുടർന്നു നടന്ന പ്രധാന പരിപാടികൾ ഇവയാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രകാശനം - പ്രഭാഷണം.

LIBRARY ARCHIVES Kerala Legislative Assembly